നടുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം നിലച്ചിട്ടുള്ളത് പ്രവർത്തന നഷ്ടം മൂലമാണ്. ആയഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിലെ മുൻകാല ഭരണസമിതി അംഗങ്ങളുടേയും ജീവനക്കാരുടേയും പ്രവർത്തനത്തിലെ പോരായ്മകളും പാളിച്ചകളും ജീവനക്കാരിലും ഭരണ സമിതി അംഗങ്ങളിലും ഇടപാടുകാർക്ക് വിശ്വാസം നഷ്ടപ്പെട്ടതും ആയഞ്ചേരി ടൗണിൽ നിന്നും ജനവാസമില്ലാത്ത സ്ഥലത്തേക്ക് ബാങ്ക് ആസ്ഥാനം മാറ്റിയതും ബാങ്കിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചതിനെത്തുടർന്നാണ് പ്രവർത്തനം നിലച്ചത്.

(ബി) ജില്ലയിലെ ഒരു പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തെ (ചിക്കുന്നുമ്മൽ സർവ്വീസ് സഹകരണ ബാങ്ക്) പ്രവർത്തന മാന്ദ്യം ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

(സി) 2009-10 സാമ്പത്തിക വർഷത്തിൽ പീഡിത സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി പ്രകാരം ബഡ്ജറ്റിൽ 20 കോടി രൂപ വകയിരുത്തുകയും (പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് 3.50 കോടി) സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി പ്രവർത്തന മാന്ദ്യം സംഭവിച്ച സംഘങ്ങൾക്ക്. പ്രത്യേക പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണത്തിനായി അപേക്ഷ നൽകുന്ന പക്ഷം വായ്പ, ഷെയർ, സബ്സിഡി എന്നീ ഇനങ്ങളിൽ തുക അനുവദിച്ചു നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ കേരളാ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് ആന്റ് വെൽഫെയർ ബോർഡ് സ്കീം -2000 പ്രകാരം ടി സ്കീമിൽ അംഗങ്ങളാകുന്ന സംഘങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും വായ്പ നൽകി വരുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ ടി സംഘങ്ങൾ അപേക്ഷ സമർപ്പിച്ചിട്ടുള്ള പക്ഷം അപേക്ഷ ക്രമപ്രകാരമാണെങ്കിൽ ധനസഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

സഹകരണ ബാങ്കുകളുടെ കിട്ടാക്കടം

19 (5424) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം എത്ര രൂപയാണ് ;

(ബി) കിട്ടാക്കടം വർദ്ധിക്കാനുണ്ടായ സാഹചര്യമെന്താണ് ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ ഇനത്തിലെ ഏതെങ്കിലും തുക തിരിച്ചു കിട്ടിയിട്ടുണ്ടോ ; എങ്കിൽ എത്ര രൂപ ലഭിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മതിയായ ഈടു വാങ്ങാതെയും വ്യവസ്ഥകൾ ലംഘിച്ചും വായ്പ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ഗവൺമെന്റ് വന്നശേഷം സംസ്ഥാന സഹകരണ ബാങ്ക് വഴി ഒരു കോടി രൂപയ്ക്ക് മുകളിൽ വായ്പ എടുത്ത എത്ര സ്ഥാപനങ്ങൾ/ വ്യക്തികൾ ഉണ്ട് ; അവയുടെ കുടിശ്ശിക എത്ര ;

(ഇ) വായ്പാ തുകയുടെ രണ്ടിരട്ടിയെങ്കിലും മൂല്യമുള്ളതായിരിക്കണം ജാമ്യവസ്തു എന്ന വ്യവസ്ഥ ലംഘിച്ച് വായ്പ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത്തരത്തിലുള്ള എത്ര കേസുകളുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 31-3-2010-ലെ താൽക്കാലിക കണക്ക് പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന്റെ കിട്ടാക്കടം 393.83 ലക്ഷം രൂപയും സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ മൊത്തം കിട്ടാക്കടം 4965.36 ലക്ഷം രൂപയുമാണ്.

(ബി) 'കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം' പദ്ധതി, ബാങ്കുകൾ തനതായി നടത്തുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവ മുഖേന ഭൂരിഭാഗം സഹകരണ ബാങ്കുകളിലും കിട്ടാക്കടം കുറഞ്ഞു വരുന്ന പ്രവണതയാണ് നിലവിലുള്ളത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും കിട്ടാക്കടം ഇനത്തിൽ തിരിച്ചു കിട്ടിയിട്ടുള്ള തുക ചുവടെ ചേർക്കുന്നു :

(തുക ലക്ഷത്തിൽ)

നമ്പർ	ബാങ്കിന്റെ പേര്	തിരികെ ലഭിച്ച തുക
1.	സംസ്ഥാന സഹകരണ ബാങ്ക്	300.00
2.	തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്	308.48
3.	കൊല്ലം ജില്ലാ സഹകരണ ബാങ്ക്	2.34
4.	പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്	00
5.	ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്	7.87
6.	കോട്ടയം ജില്ലാ സഹകരണ ബാങ്ക്	0

LIBRARY ARCHIVES Kerala Legislative Assembly